# സിറ്റിസൺ അദാലത്ത്

Docket No & Date : TLIDK30601000035

Applicant Name : Jose mathew

Phone No : 8921843233

Contact Address : Neriamparambil,Arakulam

Type of Service : Application for residence certificate clarification regarding.

Name of Local Body : Arakulam Grama Panchayat

## പരാതിസംഗതി :

ശ്രീ. ജോസ് മാത്യു നേര്യംപറമ്പിലിന് അറക്കുളം ഗ്രാമപഞ്ചായത്തിലെ 1/339 A നമ്പർ കെട്ടിടത്തിൽ താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ് ഇംഗ്ലീഷിൽ ലഭിയ്ക്കുന്നതിന് വേണ്ടിയുള്ളതാണ് അപേക്ഷ.

## സെക്രട്ടറിയുടെ റിപ്പോർട്ട്

അറക്കുളം ഗ്രാമപഞ്ചായത്തിലെ 1/359 A നമ്പർ കെട്ടിടത്തിൽ താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റിനായി ശ്രീ. ജോസ് മാത്യു നേര്യംപറമ്പിൽ എന്നയാളുടെ പേരിൽ അപേക്ഷ ലഭിച്ചിരുന്നു. അപേക്ഷയോടൊപ്പം 2024 സെപ്റ്റംബർ മാസത്തെ ഹരിത കർമ്മസേന രസീത്, ബാങ്ക് പാസ്സ് ബുക്ക് പകർപ്പ്, പാൻ കാർഡ് പകർപ്പ് എന്നിവ ഹാജരാക്കിയിട്ടുള്ളതാണ്. അപേക്ഷയിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല എന്ന് തുടർന്നുള്ള പരിശോധനയിൽ ബോധ്യപ്പെടുകയും ശ്രീ. ജോസ് മാത്യു, നേര്യംപറമ്പിൽ പ്രവാസി ആണെന്നറിയുകയും ചെയ്ത സാഹചര്യത്തിൽ ടി അപേക്ഷയിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഒപ്പ് രേഖപ്പെടുത്തിയ അപേക്ഷ, ആധാർ / റേഷൻകാർഡ് പകർപ്പ്, പാസ്പ്പോർട്ട് entry, exit രേഖപെടുത്തിയ പേജുകളുടെ പകർപ്പ് എന്നിവ നൽകണമെന്ന് ആവശ്യപ്പെട്ട് ടിയാന് കത്ത് നൽകുകയും ടി കത്തിന് മറുപടിയായി ശ്രീ ജോസ് മാത്യു നേര്യംപറമ്പിൽ ഇ-മെയിൽ മുഖാന്തിരം ആധാർ കാർഡ് മാത്രം നൽകിയിട്ടുള്ളതുമാണ്. ആധാർ കാർഡ് പരിശോധിച്ചതിൽ വിലാസം നേര്യം പറമ്പിൽ അറക്കുളം പി ഒ എന്ന് കാണുന്നുണ്ടെങ്കിലും ടി ആധാർ കാർഡ് അന്യസംസ്ഥാനത്ത് താമസിച്ചിരുന്നപ്പോൾ എടുത്തിട്ടുള്ളതായി മനസിലാക്കുന്നു. ടിയാനുമായി ടെലിഫോണിൽ സംസാരിച്ചപ്പോൾ

പാസ്പോർട്ട് രേഖകൾ അദ്ദേഹത്തിൻറെ സ്വകാര്യ രേഖ ആയതിനാൽ അത് ആവശ്യപ്പെടാൻ പഞ്ചായത്തിന് അധികാരമില്ലെന്നും ആയത് ഹാജരാക്കുന്നതിന്

ടിയാന് സമ്മതമല്ലെന്നും. റേഷൻ കാർഡ് ഇല്ലായെന്നും അറിയിച്ചിട്ടുണ്ട്. ടിയാൻ 2024 സെപ്തംബർ മാസം ഹരിതകർമ്മസേനക്ക് യൂസർ ഫീസ് നൽകിയതിൻറെ രസീത് ഹാജരാക്കിയിട്ടുണ്ടെങ്കിലും, എല്ലാ മാസവും ടി വീട്ടിൽ പ്ലാസ്റ്റിക് ശേഖരണത്തിനായി ചെല്ലുമ്പോൾ വീടിൻറെ ഗേറ്റ് അടഞ്ഞു കിടക്കുകയാണെന്നും. കഴിഞ്ഞ 3 വർഷത്തിനിടെ ആകെ 2 പ്രാവശ്യം മാത്രമാണ് യൂസർ ഫീസ് ലഭിച്ചിട്ടുള്ളൂതെന്നും ടി വാർഡിലെ ഹരിതകർമ്മസേനാംഗം അറിയിച്ചിട്ടുണ്ട്.

ശ്രീ ജോസ് മാത്യുവിന് 01/10/2024 ൽ ടൂറിസം വകുപ്പ് നൽകിയ ഹോം സ്റ്റേ ലൈസൻസിൽ പരാമർശിക്കുന്ന അന്വേഷണ റിപ്പോർട്ടിൽ ടിയാനോ കുടുംബമോ ടി കെട്ടിടത്തിൽ സ്ഥിരതാമസമാണെന്ന് കരുതുന്നില്ലെന്നും താമസസ്ഥലം സാക്ഷ്യപ്പെടുത്തുന്ന അധികാരി എന്ന നിലക്ക് പഞ്ചായത്ത് സെക്രട്ടറി മുൻപ് നൽകിയ താമസ സർട്ടിഫിക്കറ്റിൻറെ അടിസ്ഥാനത്തിലാണ് ഹോം സ്റ്റേ ലൈസൻസ് അനുവദിച്ചിട്ടുള്ളതെന്നും തുടർ പരിശോധനയിൽ ടിയാൻ ടി കെട്ടിടത്തിൽ താമസിക്കുന്നില്ലെന്ന് ബോധ്യപ്പെട്ടാൽ ലൈസൻസ് റദ്ദാക്കുമെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ തന്നെ സെക്രട്ടറിയുടെ താമസ സർട്ടിഫിക്കറ്റ് വളരെ പ്രാധാന്യമുള്ള ഒന്നാണെന്ന് ബോധ്യമുണ്ട്. ശ്രീ. ജോസ് മാത്യു പ്രവാസിയായതിനാൽ (2024 മാർച്ചിൽ പത്ര മാധ്യമങ്ങളിൽ വന്ന വാർത്ത അവലംബം) yumlu പക്ഷം കഴിഞ്ഞ ആറുമാസകാലയളവിൽ ഇന്ത്യയിൽ ഉണ്ടായിരുന്നോ എന്ന് ബോധ്യപ്പെടുന്നതിനാണ് പാസ്പോർട്ടിലെ entry - exit രേഖപ്പെടുത്തിയ പേജുകളുടെ പകർപ്പുകൾ ആവശ്യപ്പെട്ടത്. എന്നാൽ അദ്ദേഹം ടി രേഖകൾ ഹാജരാക്കുന്നതിന് തയ്യാറല്ല. ശ്രീ. ജോസ് മാത്യു എൻ.ആർ.ഐ അല്ലെങ്കിൽ മറ്റേതെങ്കിലും രാജ്യത്തെ PR ഉള്ള ആൾ ആണോ എന്ന കാര്യത്തിലും വ്യക്തതയില്ല.

ശ്രീ. ജോസ് മാത്യു NRI, മറ്റേതെങ്കിലും രാജ്യത്തെ PR ഉള്ള ആൾ അല്ല എന്ന് ബോധ്യപ്പെടുന്നതിന് സത്യവാങ്മൂലം, പാസ്പോർട്ടുമായി ബന്ധപ്പെട്ട രേഖകൾ എന്നിവ 1 ആവശ്യപ്പെടുന്നതിന് നിയമതടസം ഉണ്ടോ എന്നത് സംബന്ധിച്ചും പ്രവാസികൾ/ NRI/ രാജ്യങ്ങളിൽ PR ഉള്ള വ്യക്തികൾക്ക് താമസ സർട്ടിഫിക്കറ്റ് അനുവദിക്കാവുന്നതാണോ എന്നത് സംബന്ധിച്ചും സ്പഷ്ടീകരണം നൽകണമെന്ന് അപേക്ഷിക്കുന്നു.

IVO III LSGD IDUKKI ഉപസമിതി - III തീരുമാനം

ശ്രീ. ജോസ് മാത്യു നേര്യംപറമ്പിലിന് അറക്കുളം ഗ്രാമപഞ്ചായത്തിലെ 1/389 A നമ്പർ കെട്ടിടത്തിൽ താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ് ഇംഗ്ലീഷിൽ ലഭിക്കുന്നതിന് വേണ്ടിയുള്ളതാണ് അപേക്ഷ. ശ്രീ. ജോസ് മാത്യു ഒരു പ്രവാസി ആയതിനാൽ മേൽ

സർട്ടിഫിക്കറ്റ് ടിയാന് അനുവദിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യപ്പെട്ടുകൊണ്ട് അറക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അദാലത്തിൽ സമർപ്പിച്ച അപേക്ഷ പരിശോധിച്ചു. 03.08.2023 തീയതിയിൽ എസ് സി 2 /4206/2023 നമ്പരായി അറക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ജോസ് മാത്യുവിന് റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 01.10.2024 തീയതിയിൽ DOT/2338/2024-ATIOI (M) നമ്പരായി ടൂറിസം വകുപ്പ് ഹോം സ്റ്റേ നടത്തുന്നതിന് ക്ലാസിഫിക്കേഷൻ സിൽവർ സ്കീമിൽ ഉൾപ്പെടുത്തി അനുവാദം നൽകി. ഇതോടൊപ്പം ടിയാന് Jose Mathew , Mathew George , Neriamparambil, Arakulam, idukki district, Kerala , mobile-9986375577 എന്ന മേൽവിലാസത്തിൽ 2755 6104 9336 എന്ന നമ്പരിൽ ആധാർ കാർഡും ലഭ്യമായിട്ടുണ്ട്. ടി സാഹചര്യത്തിൽ ശ്രീ. ജോസിൽ നിന്നും അറക്കുളം ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസം സംബന്ധിച്ച സത്യവാങ്മൂലം ലഭ്യമാക്കിക്കൊണ്ട് റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് ഫയൽ തീർപ്പാക്കുന്നു.

ABDULSAMAD P.M.
PEN - 578457
Assistant Director
(Internal Vigilance Officer)
O/o. The District Joint Director
LSGD, Idukki, Kuyilimala-685603